നമ്പർ 300/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
## മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ഭരണസമിതി അംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

സഭയുടെ അടിസ്ഥാന വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടും, സഭയുടെ അച്ചടക്കം പാലിക്കാതെയും പല വ്യക്തികളും പ്രവർത്തിക്കുന്നതായി നാം മനസ്സിലാക്കുന്നു. അങ്ങനെയുള്ള വ്യക്തികളുടെ നേതൃത്വത്തിൽ പല ആധുനിക ഉണർവ്വ് പ്രസ്ഥാനങ്ങളും ഇന്ന് രൂപപ്പെട്ടിട്ടുണ്ടല്ലോ. സഭാ വിശ്വാസവും, പാരമ്പര്യവും മുറുകെപിടിക്കുന്നു എന്ന് അവകാശപ്പെടുകയും, സഭയുടെ നിയന്ത്രണത്തിലും അച്ചടക്കത്തിലും പോകുവാൻ കൂട്ടാക്കാതെ ഇരിക്കുകയും ചെയ്യുന്ന സ്വതന്ത്ര ഉണർവ്വ് പ്രസ്ഥാനങ്ങളെയും അവയുടെ പ്രായോജകരെയും അംഗീകരിക്കുവാൻ സഭയ്ക്ക് സാദ്ധ്യമല്ല. പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ വിവിധ സമ്മേളനങ്ങളിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്യുകയും 2007 ഓഗസ്റ്റ് സമ്മേളനം ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കോലഞ്ചേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെലോഷിപ്പ് (സി. ആർ. എഫ്) പോലെയുള്ള ഇന്റർ ഡിനോമിനേഷണൽ പ്രസ്ഥാനങ്ങൾ കൗദാശിക ജീവിതത്തിന് പ്രാധാന്യം കൽപിക്കുകയോ, സഭയുടെ നിയന്ത്രണത്തിൽ വരുവാൻ താല്പര്യപ്പെടുകയോ, സഭയുടെ അടിസ്ഥാന വിശ്വാസ സംഹിതകളെപ്പറ്റി പരാമർശിക്കുകയോ ചെയ്യുന്നില്ല എന്ന് പ. സുന്നഹദോസ് വിലയിരുത്തി. ആയതിനാൽ പ്രൊ. എം. വൈ. യോഹന്നാൻ നേതൃത്വം നൽകുന്ന സി. ആർ. എഫ്. പോലെയുള്ള ഇന്റർ ഡിനോമിനേഷണൽ പ്രസ്ഥാനങ്ങൾക്ക് യാതൊന്നിനും മലങ്കര ഓർത്തഡോക്സ് സഭയുമായി ബന്ധമില്ലെന്നും, അവയൊന്നും തന്നെ സഭയുടെ നിയന്ത്രണത്തിലോ, അച്ചടക്കത്തിലോ പോകുന്നതല്ലാത്തതിനാൽ, സഭയ്ക്ക് ദോഷകരമായ ഇത്തരം കൂട്ടായ്മകളുമായി സഭയിലെ മേൽപ്പട്ടസ്ഥാനികളോ, വൈദികരോ, ജനങ്ങളോ ബന്ധപ്പെടുന്നത് ശിക്ഷാർഹമാണെന്നുമുള്ള പ. സുന്നഹദോസിന്റെ തീരുമാനം ഈ കൽപന മുഖാന്തിരം നാം നിങ്ങളെ അറിയിക്കുന്നു. ഇടവകകളിലെ ആദ്ധ്യാത്മിക സംഘടനകൾ കൂടുതൽ ശക്തിപ്പെടുത്തുവാനും, കുടുംബങ്ങൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനും ഇടവകയിലെ വൈദികരും, സുവിശേഷ സംഘാംഗങ്ങളും, പ്രാർത്ഥനായോഗാംഗങ്ങളും, മറ്റു പ്രേഷിത പ്രവർത്തകരും ശ്രദ്ധിക്കണം. നമ്മുടെ പിതാക്കന്മാരുടെ മാതൃകയിൽ നോമ്പ്, ഉപവാസം, യാമപ്രാർത്ഥനകൾ, കുമ്പസാരം, വിശുദ്ധ കുർബ്ബാനാനുഭവം, കാരുണ്യ പ്രവർത്തനങ്ങൾ ഇവ ഏവരും ആത്മാർത്ഥമായി അനുഷ്ഠിച്ച് ദൈവീകമായി വളരുവാൻ നാം നിങ്ങളെ ഉപദേശിക്കുന്നു.

(മറുപുറം)

വീണ്ടും പ്രിയരെ,

പ. സുന്നഹദോസിന്റെ ഔദ്യോഗികമായ അനുമതിയില്ലാതെ പലരും ആരാധനാഗീതങ്ങളും പ്രാർത്ഥന കളും എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്ന ഒരു പ്രവണത ഇന്ന് പലയിടത്തും കണ്ടുവരുന്നതായി

പ. സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ രേഖാ മൂലമായ അനുമതിയില്ലാതെ ആരാധനാ ഗീതങ്ങളോ പ്രാർത്ഥനകളോ എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തു ന്നതിന് ആരെയും അനുവദിക്കുന്നതല്ല എന്നും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അംഗീ കാരമില്ലാത്തവയും സഭയുടെ പ്രസിദ്ധീകരണവിഭാഗം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ലാത്തതു മായ ശുശ്രൂഷാ ക്രമങ്ങൾ സഭയിലെ മേൽപ്പട്ടക്കാരോ, വൈദികരോ, ജനങ്ങളോ ഉപയോഗിക്കരുത് എന്നും ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരി ക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപി താവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസി ന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2007 നവംബർ 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.